ഓൺലൈൻ ബാങ്കിംഗ് രംഗത്തെ ചതിക്കുഴികളെക്കുറിച്ച് മുതിർന്ന പൗരൻമാർക്ക് സേഫ് നെറ്റ് എന്ന പേരിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. എറണാകുളം റൂറൽ ജില്ലയിലെ വിവിധ റസിഡൻസ് അസ്സോസിയേഷനുകളുടെ സഹകരണത്തോടെ പോലീസ് നടത്തിയ ഓൺലൈൻ ക്ലാസ്സ് എറണാകുളം റേഞ്ച് ഡി.ഐ.ജി നീരജ് കുമാർ ഗുപ്ത ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ പോലീസ് മേധാവി വിവേക് കുമാർ, അഡീഷണൽ എസ്.പി കെ.എം.ജിജിമോൻ, ജനമൈത്രി പോലിസ് എ.എസ്.ഐ കെ.എസ്.ശ്രീകുമാർ എന്നിവർ പങ്കെടുത്തു.